വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 21-7-1961-ൽ

(ബി) വിശദവിവരങ്ങൾ അടങ്ങിയ ഒരു കുറിപ്പും പട്ടികയും മേശപ്പുറത്തു വച്ചിട്ടുണ്ട്.*

ശ്രീ. എം. സി. ഏബ്രഹാം: മേശപ്പുറത്തു വച്ചിരിക്കുന്ന പട്ടികയിൽ ഈ വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ചു ജാപ്പനീസു വിദഗ്ദ്ധന്മായി ചർച്ച നടത്തീട്ടുണ്ടെന്നു കാണുന്നു. അതിന്റെ ഫലമായി എന്തെങ്കിലും പുതിയ വ്യവസായങ്ങൾ ഇവിടെ ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ. അതുപോലെ വെസ്റ്റു ജർമ്മനിയിലും സ്വിറ്റ്സർലണ്ടിലുമൊക്കെ ടേഡ് എജൻസികളെ നിയമിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: സർ, അങ്ങനെ വെസ്റ്റു ജർമ്മനിയിലും സ്വിറ്റ്സർലണ്ടിലും ടേഡ് എജൻസികൾ തുറക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ആലോചനകൾ നടത്തുന്നുണ്ട്. ജാപ്പനീസ് എക്സ്പർട്ട്സ് ഇവിടെവന്നു ചില ആലോചനകൾ നടത്തി. അതിന്റെ ഫലമായി ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നു ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ഈ. ബലറാം: ഈ ഇൻഡസ്ട്രിയൽ ഡെവലപ്പുമെന്റു കാർപ്പറേഷന്റെ പ്രവർത്തനഫലമായി വല്ല വ്യവസായങ്ങളും ഇവിടെ തുടങ്ങാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ കെ. എ. ദാമോദരമേനോൻ: അതു മേശപ്പുറത്തു വച്ചിട്ടുള്ള പട്ടിക ഒന്നു വായിച്ചാലറിയാം.

സക്കാർ ആഫീസുകളിലേക്കു ആവശ്യമുള്ള ഫർണിച്ചർ

* 574. [16] ശ്രീ. പി. കെ. അബ്ദുൽ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സക്കാർ ആഫീസുകളിലേക്കു ആവശ്യമുള്ള ഫർണിച്ചർ തിരുവനന്തപുരം ചാക്ക വർക്ക്ഷാപ്പിൽ നിർമ്മിക്കുന്നതുതന്നെ വാങ്ങണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) തിരുവനന്തപുരത്തുനിന്നും ദൂരെയുള്ള ആഫീസുകൾക്കു അവ എത്തിക്കാനുള്ള ചെലവുകൊണ്ടുമാത്രം പുറമെനിന്നും ഫർണിച്ചർ വാങ്ങാൻ കഴിയുമെന്ന ആക്ഷേപം സക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ചാക്ക വർക്ഷാപ്പിൽനിന്നുതന്നെ ഗവണ്മെന്റു ആഫീസുകളിൽ ആവശ്യമുള്ള ഫർണിച്ചർ ഉണ്ടാക്കി അവിടത്തെ ആളുകളും ലോറികളിൽ കയറ്റി സ്റ്റോറിന്റെ ഇതരഭാഗങ്ങളിൽ സഞ്ചരിച്ചു കേരളത്തിന്റെ ഏതുഭാഗത്തും ലോഡിംഗ് അൺലോഡിംഗ് നടത്തിക്കൊടുക്കണം എന്നു വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: ആ ചോദ്യത്തിനാണു ഞാൻ മറുപടി പറഞ്ഞതു്. അങ്ങനെ നിബന്ധനയില്ല. എല്ലാ ഭാഗത്തേക്കും ഇവിടെ നിന്നുതന്നെ കൊണ്ടുചെന്നെത്തിക്കണം എന്ന നിബന്ധന ഇന്നു നിലവിലില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ ഗവണ്മെന്റു വർക്ഷാപ്പിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു താരതമ്യേന പൊതുമാർക്കറ്റിൽ ഉള്ളതിനേക്കാൾ വളരെ അധികം വിലയുണ്ടെന്നുള്ളകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടി

Appendix II

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ. ഉണ്ടെങ്കിൽ അതു കുറയ്ക്കാൻ വല്ല നടപടിയും എടുക്കാൻ സാധിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: കുറച്ചു വിലകൂടും എന്നാണറിയുന്നതു്, അതു എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് കൂടുതലായതുകൊണ്ടാണു്.

ഹൈസ്കൂളിൽ വിദ്യാർത്ഥികൾക്കു് അവരുടെ അഭിരുചിക്കനുസരിച്ചു് ഉന്നതവിദ്യാഭ്യാസം നൽകുന്നതിനുള്ള ഏർപ്പാടുകൾ

575. [17] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കു് പ്രത്യേകം അഭിരുചിയുള്ള വിഷയങ്ങൾ കണ്ടുപിടിച്ചു്, അവരുടെ അഭിരുചിക്കനുസരിച്ചു ഉന്നതവിദ്യാഭ്യാസം നൽകുന്നതിനുള്ള വല്ല ഏർപ്പാടുകളും ഇന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു് ഏർപ്പാടാണുള്ളതു്;

(സി) അപ്രകാരം ഒരു ഏർപ്പാടില്ലെങ്കിൽ പരീക്ഷണാർത്ഥം എതാനും സ്കൂളുകളിലെങ്കിലും ഈ വർഷം ഇതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഹൈസ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കു് അവർക്കു് പ്രത്യേകം അഭിരുചിയുള്ള വിഷയങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടു്. അഭിരുചിക്കനുസരണമായ ഉന്നതവിദ്യാഭ്യാസം നൽകുന്നതിനുള്ള ഏർപ്പാടുകൾ ആയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എം. എം. മത്തായി: ഈ യുത്സവഫെസ്റ്റിവലിൽ നൃത്തം, സംഗീതം, അഭിനയം മുതലായ വിഷയങ്ങളിൽ അസാധാരണമായ വൈദഗ്ധ്യം കാണിക്കുന്ന അനവധി കുട്ടികളുണ്ടു്. അങ്ങനെയുള്ള കുട്ടികൾക്കെങ്കിലും അവരുടെ സാമ്പത്തികമായ പിന്നാക്കാവസ്ഥകൊണ്ടു് ആ വിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം നൽകുന്നതിനുള്ള അവരുടെ കലാവാസന അനുസരിച്ചു അവരെ പഠിപ്പിക്കുന്നതിനുള്ള ഏർപ്പാടു് ഇപ്പോഴെങ്കിലും ചെയ്യുന്നതിനു എന്തു വിഷമമാണുള്ളതു്?

ശ്രീ. ആർ ശങ്കർ: അങ്ങനെ കലാപരമായി വലിയ സാദ്ധ്യതയുള്ള കുട്ടികൾതന്നെ ആ വിഷയത്തിൽ ഉപരിപഠനം നടത്താനുദ്ദേശിക്കുന്നില്ലാ എന്നുവരും. ഇങ്ങനെയുള്ള പ്രത്യേക വിഷയങ്ങളിൽ വാസനയുള്ള കുട്ടികൾക്കു അതു കുറച്ചുപഠിച്ചാൽകൊള്ളാമെന്നു ഒരു ആഗ്രഹംമാത്രമേ കാണുകയുള്ളു. അതുകൊണ്ടു പൊതുവേ അതിനുവേണ്ടിയുള്ള വിദ്യാലയങ്ങളിലേക്കു മാറ്റി അയയ്ക്കുന്നതു കുറെ പ്രയാസമാണു്. അതേപ്പറ്റി എന്തു ചെയ്യണമെന്നു ഗവണ്മെൻറാലോചിച്ചുകൊണ്ടിരിക്കുകയാണു്. ഇപ്പോഴുള്ളതന്നെ കുട്ടികളെ അവരുടെ വാസന അനുസരിച്ചു തിരിച്ചുവിടാൻ Career-masters—നെ വയ്ക്കുന്നതിനെപ്പറ്റി ആലോചിച്ചു അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടു്. അതിപ്പോഴും പൂർത്തിയായിട്ടില്ല. ഹൈസ്കൂളുകളിൽ ഇങ്ങനെയുള്ള വിഷയങ്ങളും എടുത്തു പഠിക്കുന്നതിനുള്ള സൗകര്യം ഇപ്പോഴും ഉണ്ടായിട്ടില്ല. എന്നെങ്കിലും സൗകര്യങ്ങളും ഈക്കാര്യത്തിൽ ഹൈസ്കൂളുകളിൽ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടു്.

വ്യവസായസ്ഥാപനങ്ങൾ

576. [18] ശ്രീ. കെ. കുഞ്ഞപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly